**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

2012-13 ലെ പ്ലാൻ ഫണ്ട്

503
ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2013 മാർച്ച് 31-ാം തീയതിയിലെ കണക്കുപ്രകാരം 2012-13 ലെ ബഡ്ജറ്റിൽ ഉൾക്കൊളളിച്ച പ്ലാൻ ഫണ്ട് ആകെ എത്ര; ആയതിൽ നിന്നും ചെലവഴിച്ച തുക എത്ര; വകുപ്പുകൾ തിരിച്ചുളള കണക്ക് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ബഡ്ജറ്റ് വിഹിതത്തിന്റെ വിനിയോഗം</u>

504 ശ്രീ.റ്റി.വി.രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ആകെ ലഭിച്ച ബജറ്റ് വിഹിതം എത്ര വീതമായിരുന്നു; 2013 മാർച്ച് 31 വരെ എത്ര തുക ചെലവഴിച്ചു;

(ബി) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഇതുവരെ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ ഏതൊക്കെയാണ്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾ</u>

505 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 വർഷത്തെ ബജറ്റിൽ സർക്കാർ ഓരോ വകുപ്പിനും അനുവദിച്ച തുക എത്ര; എത്ര രൂപ ചെലവഴിച്ചു; വിശദ വിവരം വ്യക്തമാക്കാമോ;

(ബി) 2011-2012, 2012-13 എന്നീ വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാം; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) 2012-2013 വർഷത്തെ ബജറ്റിൽ സർക്കാർ ഓരോ വകുപ്പിനും അനുവദിച്ച തുകയെത്ര; ചെലവഴിച്ച തുകയെത്ര;

(ഡി) 2013-2014 വർഷത്തെ ബജറ്റിൽ വിവിധ വകുപ്പുകൾക്കായി സർക്കാർ അനുവദിച്ച തുക എത്ര; വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാം; നീക്കി വെച്ചിരിക്കുന്ന തുകയെത്ര; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2013-14 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ്

506 ശ്രീ. പി.കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷത്തെ നാളിതുവരെയുള്ള പദ്ധതി ചെലവ് സംബന്ധിച്ച വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വീതം ഇതിനകം ചെലവഴിക്കപ്പെട്ടു;

(സി) പദ്ധതി തുകയിൽ ഇതേവരെ ഒന്നും ചെലവഴിച്ചിട്ടില്ലാത്ത വകുപ്പുകൾ എന്തൊക്കെയാണ്; ഇതിനകം 25% തുക ചെലവഴിച്ച വകുപ്പുകൾ എന്തൊക്കെ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വിവിധ വകുപ്പുകൾക്ക് വകയിരുത്തപ്പെട്ട തുക</u>

507 ശ്രീ.പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം വീതം ഓരോ വർഷവും ഓരോ വകുപ്പും ചെലവഴിക്കുകയുണ്ടായിട്ടുണ്ടെന്നും ഉള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ കേന്ദ്ര സഹായ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പിലും വകയിരുത്തപ്പെട്ട തുക എത്ര ആയിരുന്നുവെന്നും, അതിൽ ചെലവഴിക്കാൻ സാധ്യമാകാതെ പോയ തുക എത്ര ശതമാനം വീതമായിരുന്നുവെന്നും വകുപ്പടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ആസ്തി വികസന ഫണ്ട്

508

ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ആസ്തി വികസന ഫണ്ടിൽ നിന്ന് എത്ര തുക ചെലവഴിക്കപ്പെട്ടു എന്ന് വ്യക്തമാക്കാമോ;

(ബി) 2013-14 ലെ ആസ്തി വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ആസ്തി വികസന ഫണ്ട്

509 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പ്രകാരം 2012-13 വർഷത്തിൽ ഏറ്റെടുത്ത് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തെ എത്ര പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകുവാനുണ്ട്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2011-2012, 2012-2013 വർഷങ്ങളിലെ ബഡ്ജറ്റ് നിർദ്ദേശം

510 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-2012 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കാതിരുന്നവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) 2012-2013 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) 2012-2013 സാമ്പത്തിക വർഷം ഓരോ വകുപ്പിന്റെയും ബഡ്ജറ്റ് വിഹിത-വിനിയോഗം എത്രയെന്നും ചെലവഴിച്ച തുക വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ധനകാര്യ മാനേജ്മെന്റ്

511 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിന് കഴിഞ്ഞ രണ്ട് വർഷമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന ട്രഷറി മിച്ചവും ഇപ്പോഴത്തെ ട്രഷറി മിച്ചവും എത്രയാണ് ;

(സി) അടിസ്ഥാന സൗകര്യ വികസനത്തിന് കഴിഞ്ഞ രണ്ട് വർഷം എത്ര രൂപ ചെലവഴിച്ചു; വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

അടിസ്ഥാനസൗകര്യവികസനത്തിനുള്ള പദ്ധതിചെലവ്

512 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാനസൗകര്യവികസനം മുൻനിർത്തി 2011-12, 2012-13, 2013-14 വർഷങ്ങളിൽ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയായിരുന്നു;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോ സാമ്പത്തികവർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു; യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടത് എത്ര വീതമായിരുന്നു;

(സി) പ്രസ്തുത പദ്ധതികൾ ഓരോന്നിനും കണക്കാക്കപ്പെട്ട മതിപ്പ് ചെലവ് മൊത്തം എത്ര കോടി വീതമായിരുന്നു; അതിന്റെ എത്ര ശതമാനം വീതം തുക ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തപ്പെട്ടു; വകയിരുത്തപ്പെട്ട തുകയിൽ ഓരോ വർഷവും യഥാർത്ഥത്തിൽ ചെലവായ തുക എത്ര കോടി വീതമായിരുന്നു;

(ഡി) മേല്പറഞ്ഞ പദ്ധതികൾ ഓരോന്നും പൂർത്തീകരിക്കുന്നതിന് ഇന്നത്തെ നിലയിൽ പ്രതീക്ഷിച്ചിരുന്ന ചെലവ് എത്ര കോടി വീതമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

513 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നൂറ് ശതമാനം കേന്ദ്രസഹായം ലഭിക്കുന്നവയും 50% കേന്ദ്രസഹായം ലഭിക്കുന്നവയും ഏതൊക്കെയാണ് ;

(ബി) 2011-2012, 2012-2013 സാമ്പത്തിക വർഷങ്ങളിൽ മേല്പ്പറഞ്ഞ പദ്ധതികളിൽ ഓരോന്നിലും സംസ്ഥാനത്തിനർഹമായ തുക എത്രയായിരുന്നു ; യഥാർത്ഥത്തിൽ നേടിയെടുക്കാൻ കഴിഞ്ഞ തുക എത്ര വീതമായിരുന്നു ;

(സി) ഏതെല്ലാം കേന്ദ്രസഹായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളത് ;

(ഡി) സംസ്ഥാന ബഡ്ജറ്റിൽ വേണ്ടത്ര തുക ഇല്ലാത്തതിനാൽ 50% കേന്ദ്രസഹായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുള്ളത് ഏതൊക്കെയായിരുന്നു ;

(ഇ) കേന്ദ്രസഹായം ലഭിക്കാത്തതിനാൽ സംസ്ഥാന ബഡ്ജറ്റ് വിഹിതം ചെലവഴിക്കാൻ കഴിയാതെ പോയവ ഏതൊക്കെ ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം

514

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഓരോ വർഷവും എത്ര കോടി രൂപ വീതമായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്;

(ബി) 2012-13 ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തപ്പെട്ട തുകയിൽ ചെലവഴിക്കപ്പെട്ട തുക എത്രയാണ്; വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമാണ് യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ടത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2012-2013 ലെ വാർഷിക പദ്ധതി നടത്തിപ്പ്

515 ശ്രീ.വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പ്രഥമവർഷമായ 2012-2013ലെ വാർഷിക പദ്ധതിയുടെ പുതുക്കിയ പദ്ധതിയനുസരിച്ചുള്ള മൊത്തം തുക എത്രയായിരുന്നു; കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഉൾപ്പെടുത്തിയിരിക്കുന്ന തുക എത്രയായിരുന്നു; പ്രത്യേക ഘടക പദ്ധതി/ഗിരിവർഗ്ഗ ഉപ പദ്ധതിക്കുള്ള സഹായം എത്ര കോടി ആയിരുന്നു; എൻ.എൽ.ഡി.സി യുടെ ധന സഹായം എത്രയായിരുന്നു; നബാർഡിന്റെ അർ.ഐ.ഡി.എഫ് വിഹിതം എത്രയായിരുന്നു;

(ബി) 2012-2013 ലെ വാർഷിക പദ്ധതി നടത്തിപ്പിന് ശേഷമുള്ള കണക്കുകൾ പ്രകാരം മേൽപ്പറഞ്ഞ ഓരോ ഇനത്തിലും എത്ര തുക വീതം ചെലവഴിക്കപ്പെട്ടു; അവഓരോന്നും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനമായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

516 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;

(ബി) വരൾച്ചയെ അതിജീവിക്കുന്നതിനായി കേന്ദ്ര സർക്കാർ എത്ര തുക ധനസഹായം അനുവദിച്ചു; എത്ര തുകയാണ് ആവശ്യപ്പെട്ടിരുന്നത്; അതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ഏജൻസികളിൽ നിന്നും, മറ്റ് വിദേശ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക വീതം കടമെടുത്തു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മൊത്തം കടത്തിന്റെ പലിശ മാത്രം തിരിച്ചടക്കുന്നതിനായി പ്രതിമാസം എത്ര തുകയാണ് ആവശ്യമായി വരുന്നത്; വിശദാംശം ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

517

ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ ബജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതി കളിൽ എത്ര പദ്ധതികൾ നടപ്പിലാക്കൽ കഴിഞ്ഞുവെന്നും എത്ര പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ള വിവരം നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും അനുവദിച്ചിരുന്ന തുകയും പ്രത്യേകം പ്രത്യേകമായി നൽകുമോ;

(സി) നടപ്പിലാക്കാൻ കഴിയാതെ പോയ പദ്ധതികൾ എന്തുകൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞില്ലെന്നുള്ള വിവരം നൽകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

2012-13 ലെ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശങ്ങൾ

518 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 ലെ കേന്ദ്ര ബഡ്ജറ്റിലെ സംസ്ഥാനത്തെ സംബന്ധിക്കുന്ന നിർദ്ദേശങ്ങളിൽ നടപ്പിലാക്കാൻ കഴിയാതെ പോയവ ഏതൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) അതിനെ തുടർന്ന് ഏതെല്ലാം ഇനത്തിൽ എത്ര തുക ലാപ്സായിയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അധിക വിഭവ സമാഹരണം</u>

519

ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും എത്ര വരുമാനമുണ്ടായി എന്ന് ഇനവും വർഷവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>കോൺട്രാക്ടർമാർക്ക് നൽകാനുള്ള കുടിശ്ശിക തുക</u>

520 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വിവിധ വകുപ്പുകൾക്ക് വേണ്ടി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയ ഇനത്തിലും മറ്റുമായി കോൺട്രാക്ടർമാർക്ക് 2013 മാർച്ച് 31ന് കൊടുത്ത് തീർക്കാൻ ബാക്കിയുള്ള തുക വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സബ്സിഡികൾ പണമായി നൽകൽ</u>

521

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
,, പി. ഉബൈദുള്ള
,, വി. എം. ഉമ്മർ മാസ്റ്റർ
,, സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാധാരണക്കാർക്കുള്ള സബ്സിഡികൾ പണമായി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തരത്തിലുള്ള സബ്സിഡികളും ആനുകൂല്യങ്ങളുമാണ് പണമായി ഗുണഭോക്താക്കൾക്ക് നൽകാൻ ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതുകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) സബ്സിഡി തുകകൾ ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

ഇസ്ലാമിക് ധനകാര്യ സ്ഥാപനങ്ങൾ

522 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഇസ്ലാമിക് ധനകാര്യ സ്ഥാപനങ്ങൾ ഏതൊക്കെയാണ് ;

(ബി) എന്തെല്ലാം നിലയിലുള്ള ധനകാര്യ ഇടപാടുകളാണ് ഈ സ്ഥാപനങ്ങൾ നടത്തുന്നത് ;

(സി) ഇസ്ലാമിക് ബാങ്ക് നടത്താനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഭാഗ്യക്കുറി വകുപ്പിന്റെ നവീകരണം

523 ശ്രീ. ജോസഫ് വാഴക്കൻ
,, ബെന്നി ബെഹനാൻ
,, ടി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭാഗ്യക്കുറി വകുപ്പിനെ നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുളളത് ;

(ബി) പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സംസ്ഥാന സംരംഭകവികസനമിഷന്‍</u>

524 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സംരംഭകവികസനമിഷന്‍ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുവരെയായി എത്ര സംരംഭങ്ങള്‍ ആരംഭിച്ചിട്ടുണ്ട്; എത്ര സംരംഭകര്‍ക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; എത്ര രൂപ ചെലവഴിച്ചു; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ സമാശ്വാസ പദ്ധതി</u>

525 ശ്രീ.പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും, ലോട്ടറി വകുപ്പും ചേർന്ന് നടത്തുന്ന കാരുണ്യ സമാശ്വാസ പദ്ധതിയിൽ നാളിതുവരെയായി എത്ര പേർക്ക് എത്ര തുക ധനസഹായമായി വിതരണം ചെയ്തുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) ടി പദ്ധതിയിൻ കീഴിൽ ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് ധനസഹായം അനുവദിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബെനവലെന്റ് ഫണ്ട്</u>

526 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലെന്റ് ഫണ്ടിൽ നിന്ന് 2012-13 സാമ്പത്തിക വർഷം എത്ര തുകയുടെ ചികിത്സാ ധനസഹായമാണ് വിതരണം ചെയ്തതെന്ന് വ്യക്തമാക്കുമോ ;

(ബി) രോഗികൾക്ക് യഥാസമയം പ്രസ്തുത ഫണ്ടിൽ നിന്ന് ധനസഹായം ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുളള ക്രമീകരണങ്ങൾ എന്തെല്ലാമാണ് ;

(സി) ആഴ്ചയിൽ ഒന്നിലേറെ തവണ ഡയാലിസിസിനു വിധേയരാകേണ്ടി വരുന്ന വൃക്ക രോഗികൾക്ക് വേണ്ടിവരുന്ന ചികിത്സാ ചെലവ് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് സ്ഥിരമായി നല്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാരണ്യ ധനസഹായ പദ്ധതി</u>

527 ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
'' വി. ഡി. സതീശൻ
'' ഹൈബി ഈഡൻ
'' വി. പി.സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ധനസഹായ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ നടത്തിപ്പിനുള്ള ധനം എപ്രകാരമാണ് സമാഹരിക്കുന്നത്;

(സി) ഏതെല്ലാം രോഗങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം ഏതെല്ലാം വിഭാഗക്കാർക്കാണ് ധനസഹായം ലഭിക്കുന്നത്;

(ഇ) ഏതെല്ലാം തരം ആശുപത്രികളിലാണ് ചികിൽസാ സൗകര്യം ലഭിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട് വഴിയുള്ള ചികിത്സാ സഹായം</u>

528 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബനവലന്റ് പദ്ധതി പ്രകാരം ചികിത്സാ സൗകര്യത്തിനായി പ്രൈവറ്റ് ആശുപത്രികളെ അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സയ്ക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>"കാരുണ്യ ബെനവലന്റ് സ്കീമിൽ" ചികിത്സ ലഭിക്കാത്തവർ</u>

529 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാരകരോഗങ്ങൾ ബാധിച്ച് പെയിൻ - പാലിയേറ്റീവ് കേന്ദ്രങ്ങളിൽ ചികിത്സ തേടുന്ന അശരണരും, നിർദ്ധനരുമായ രോഗികൾക്ക് "കാരുണ്യ ബെനവലന്റ് സ്കീമിൽ" ചികിത്സ ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ പെയിൻ പാലിയേറ്റീവ് സൊസൈറ്റികളിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കുകൂടി കാരുണ്യ ഫണ്ടിൽ നിന്നും ചികിത്സ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അതിനായി പ്രത്യേക ഉത്തരവിറക്കുമോ; വിശദമാക്കുമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

കാരുണ്യ ഡയാലിസിസ് സെന്ററുകൾ

530 ശ്രീ.വി. പി. സജീന്ദ്രൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം ആശുപത്രികളിലാണ് സെന്ററുകൾ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ളത്;

(സി) ഇതിനു വേണ്ട ധനസമാഹരണം എങ്ങനെയാണ് നടത്തുന്നത്;

(ഡി) ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ശാന്തിനഗർ മാതൃകാ ഗ്രാമ നിർമ്മാണ പ്രവർത്തനം

531

ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ശാന്തിനഗർ മാതൃകാഗ്രാമം രണ്ടാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി എത്ര തുകയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് ചെലവഴിച്ച തുക</u>

532 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ഭാഗ്യക്കുറിയിൽനിന്നും ഇതേവരെ ലഭിച്ചിട്ടുള്ള അറ്റാദായം എത്രയാണ്;

(ബി) ഇതിൽ എത്ര തുക ഇതുവരെ കാരുണ്യ ബനവലന്റ് ഫണ്ടിലേക്ക് മാറ്റിയിട്ടുണ്ട്;

(സി) കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും 2013 ഏപ്രിൽ വരെ ചികിത്സാ ധനസഹായമായി വിതരണം ചെയ്ത തുകയുടെ വിശദാംശങ്ങൾ ജില്ലതിരിച്ച് നൽകുമോ;

(ഡി) ഈ പദ്ധതിയിൽനിന്നും ധനസഹായത്തിനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇനി എത്രയെണ്ണം വീതം തീർപ്പാക്കുവാൻ ഓരോ ജില്ലയിലും അവശേഷിക്കുന്നുണ്ട്; വിശദമാക്കുമോ;

(ഇ) അപേക്ഷകർക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിനുള്ള കാരണവും പരാതികൾ പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങളും വിശദമാക്കാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തിനുള്ള വാർഷിക ഗ്രാന്റ്

533 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ധനകാര്യവും നിയമവും ഭവനനിർമ്മാണവും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിളകലാ അക്കാദമിയായി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ 2013-2014 വർഷത്തെ ബഡ്ജറ്റിൽ നോൺപ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അക്കാദമിയുടെ വാർഷിക ഗ്രാന്റ് ഒരു ലക്ഷം രൂപയിൽ നിന്ന് ഉയർത്തുന്നതിനുള്ള അപേക്ഷ അക്കാദമി ഭാരവാഹികൾ ധനകാര്യ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സാംസ്കാരിക വകുപ്പിനു കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത അക്കാഡമിയുടെ നോൺ പ്ലാൻ ഗ്രാന്റ് 1 ലക്ഷം രൂപയിൽ നിന്ന് വർദ്ധിപ്പിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തി</u>

534 ശ്രീ.ബി.സത്യൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ചതും ടെണ്ടർ നടപടികൾക്ക് ശേഷം കരാറുകാർ ഏറ്റെടുക്കാത്തതുമായ പ്രവൃത്തി റദ്ദാക്കി പകരം പുതിയ പ്രവൃത്തി ശുപാർശ ചെയ്യാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ ഇതിന് വേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ</u>

535 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ കഴിയുന്ന നിർമ്മാണ ജോലികൾ എന്തൊക്കെയാണ്; വിശദാംശം അറിയിക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രസ്തുത ഫണ്ട് ഉപയോഗിക്കുവാൻ തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെതുൾപ്പെടെ പ്രാധാന്യമുള്ള പ്രവൃത്തികൾ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുന്നത് നടപ്പിലാക്കുവാൻ ഗവൺമെന്റ് പ്രത്യേക അനുമതി നൽകുമോ; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിതം

536 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി വിഹിതം നടപ്പിലാക്കിയതിന്റെ ഭാഗമായി 2013 ഏപ്രിൽ 1 മുതൽ സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് പെൻഷൻ വിഹിതം കുറവുചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പണം നിക്ഷേപിച്ചതെവിടെയാണ്; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട സർക്കാർ വിഹിതം അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പങ്കാളിത്ത പെൻഷൻ പദ്ധതി

537

ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഭാഗമായി ജീവനക്കാരിൽ നിന്ന് പിടിച്ചെടുക്കുന്ന തുക ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് സൗകര്യം ഒരുക്കിയിട്ടുണ്ടോ;ഇത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ എന്തെങ്കിലും പുറപ്പെടുവിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കേന്ദ്ര ഗവൺമെന്റ് പാസ്സാക്കിയിരിക്കുന്ന നിയമമനുസരിച്ച് ഏതൊക്കെ ഏജൻസികളിലാണ് പങ്കാളിത്ത പെൻഷൻ തുക നിക്ഷേപിക്കേണ്ടതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഫണ്ടിംഗ് ഏജൻസി</u>

538 ശ്രീ. തോമസ് ചാണ്ടി
,, എ.കെ.ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ 1-ാം തീയതി മുതൽ സർവ്വീസിൽ പ്രവേശിക്കുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയ്ക്ക് ഫണ്ടിംഗ് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഐ.എ.എസ്സുകാർ ഉൾപ്പെടെയുള്ള അഖിലേന്ത്യാ സർവ്വീസുകാർക്ക് 2004-ൽ പങ്കാളിത്ത പെൻഷൻ നടപ്പാക്കിയെങ്കിലും ഉദ്യോഗസ്ഥരുടേയോ സർക്കാരിന്റേയോ വിഹിതം നാളിതുവരെ ഫണ്ടിംഗ് ഏജൻസിക്ക് നൽകിയിട്ടില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പങ്കാളിത്ത പെന്‍ഷന്‍ പദ്ധതി

539 ശ്രീ. എം. എ. ബേബി
'' കെ. സുരേഷ് കുറുപ്പ്
ശ്രീമതി കെ. എസ്. സലീഖ
ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന സര്‍ക്കാര്‍ ജീവനക്കാരുടെ പങ്കാളിത്ത പെന്‍ഷന്‍ പദ്ധതിയില്‍ ഫണ്ടിംഗ് ഏജന്‍സിയായി ആരെയാണ് നിശ്ചയിച്ചിട്ടുള്ളത്;

(ബി) ഏപ്രില്‍ ഒന്നാം തീയതി മുതല്‍ സര്‍വ്വീസില്‍ പ്രവേശിച്ച ജീവനക്കാരില്‍ നിന്നും അവരുടെ പെന്‍ഷന്‍ ഫണ്ടിലേക്ക് വേണ്ടുന്ന വിഹിതം പിടിച്ചിട്ടുണ്ടോ; സര്‍ക്കാര്‍ അടയ്ക്കേണ്ട വിഹിതവും ഇപ്പോള്‍ ഏത് ഏജന്‍സിയിലാണ് അടയ്ക്കുന്നത്;

(സി) പങ്കാളിത്ത പെന്‍ഷന്‍ സംബന്ധിച്ച് കേന്ദ്രം രൂപം നല്‍കിയ 2011 ലെ പെന്‍ഷന്‍ ഫണ്ട് റഗുലേറ്ററി ആന്റ് ഡെവലപ്മെന്റ് അതോറിറ്റി ബില്‍ പാര്‍ലമെന്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ;

(ഡി) പങ്കാളിത്ത പെന്‍ഷന്‍ നടപ്പിലാക്കാന്‍ തീരുമാനിച്ച ഘട്ടത്തില്‍ ജീവനക്കാര്‍ ഉന്നയിച്ച ആശങ്കകള്‍ തുടരുന്നത് സര്‍ക്കാര്‍ മനസ്സിലാക്കിയിട്ടുണ്ടോ; ഇക്കാര്യത്തില്‍ സര്‍ക്കാര്‍ നിലപാട് പുന:പരിശോധിക്കാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പങ്കാളിത്ത പെൻഷൻ വിഹിതം നിക്ഷേപിക്കൽ</u>

540 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ ഫണ്ട് മാനേജർമാരായി ട്രഷറിയെ കൂടി ഉൾപ്പെടുത്താമെന്ന് പണിമുടക്ക് ഒത്തുതീർപ്പു വ്യവസ്ഥ പ്രകാരം സർവ്വീസ് സംഘടനകൾക്ക് ഉറപ്പു നൽകിയിട്ടുണ്ടോ;

(ബി) പെൻഷൻ വിഹിതം ട്രഷറിയിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര ഗവൺമെന്റിനെ സമീപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

541 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖല/അതോറിറ്റി/കൗൺസിൽ/ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പെൻഷൻ അനുവദിക്കാത്ത എത്ര പൊതുമേഖല/അതോറിറ്റി/കൗൺസിൽ/ബോർഡ് സ്ഥാപനങ്ങൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ശമ്പളപരിഷ്കരണ അനോമലികൾ

T542 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെ ഒൻപതാമത് ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ഇതുവരെ വന്നിട്ടുള്ള അനോമലി പെറ്റീഷൻസ് എത്രയെന്നും അനോമലികൾ ഓരോന്നിന്റെയും വിശദാംശം എന്തെന്നും വ്യക്തമാക്കുമോ;

(ബി) അനോമലികളിൽ ഈ സർക്കാർ പരിഹരിച്ചിട്ടുള്ള അനോമലികൾ ഏതെല്ലാം; വിശദമാക്കാമോ;

(സി) പരിഹരിക്കപ്പെടാതെ കിടക്കുന്ന അനോമലികൾ ഏതെല്ലാം; വിശദമാക്കാമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പി. ജി. ടൈറ്റസിന്റെ സസ്പെൻഷൻ</u>

543 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി വകുപ്പിലെ ഉച്ചക്കട ചെക്ക്പോസ്റ്റ് ഇൻസ്പെക്ടർ പി. ജി. ടൈറ്റസിനെ എന്നയാളെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ;

(ബി) സസ്പെൻഷനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) പി. ജി. ടൈറ്റസ് വാണിജ്യ നികുതി വകുപ്പ് കമ്മീഷണർക്ക് നൽകിയ പരാതി എന്തായിരുന്നു; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) അനധികൃതമായി വിളക്കുകൾ കടത്താൻ ശ്രമിച്ചവർക്കനുകൂലമായി ഏതെങ്കിലും മേലുദ്യോഗസ്ഥൻ പ്രവർത്തിച്ചതായി അറിവുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്ത് നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഹൈക്കോടതിയിലെയും സുപ്രീം കോടതിയിലെയും സർക്കാർ അഭിഭാഷകരുടെ നിയമനം</u>

544 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹൈക്കോടതിയിലും, സുപ്രീം കോടതിയിലും കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എത്ര അഭിഭാഷകരെ നിയമിച്ചിട്ടുണ്ട് എന്നും അവരുടെ പേരും, നിയമിക്കപ്പെട്ട തസ്തികയും, ഓരോരുത്തരുടേയും അഭിഭാഷകവൃത്തിയിലെ കാലയളവും, ജില്ലയും വെളിപ്പെടുത്തുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് നിയമിച്ച ഏതെങ്കിലും അഭിഭാഷകരെ ഈ സർക്കാർ തുടരാൻ അനുവദിച്ചിട്ടുണ്ടെങ്കിൽ അവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ വകുപ്പുകൾക്കാണ് സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെ നിയമിച്ചിട്ടുള്ളതെന്നും അവരുടെ പേരു വിവരങ്ങളും വെളിപ്പെടുത്തുമോ;

(ഡി) ഹൈക്കോടതിയിലെയും, സുപ്രീം കോടതിയിലെയും സർക്കാർ അഭിഭാഷകർക്ക് നൽകുന്ന പ്രതിഫലം തസ്തിക തിരിച്ച് വെളിപ്പെടുത്താമോ?

**കേരള നിയമസഭ**
**11.06.2013-ലെ മറുപടിക്ക്**

<u>സ്ഥിരം ലോക അദാലത്തുകൾ</u>

545 ശ്രീ. കെ. അച്ചുതൻ
,, ഹൈബി ഈഡൻ
,, റ്റി.എൻ. പ്രതാപൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്ന സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത അദാലത്തുകളിൽ എന്തെല്ലാം തരത്തിലുള്ള കേസുകളാണ് തീർപ്പാക്കുന്നത്;

(സി) ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) സഞ്ചരിക്കുന്ന ലോക് അദാലത്തിന്റെ പ്രവർത്തനം യാത്രാ ക്ലേശമുള്ള സ്ഥലങ്ങളിൽ പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

വിവിധ ഏജൻസികളിൽ നിന്നും സ്വീകരിച്ച വായ്പകൾ

546 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം ലോകബാങ്ക്, ഏഷ്യൻ വികസന ബാങ്ക്, വിദേശ ഏജൻസികൾ, മറ്റ് കേന്ദ്ര ഏജൻസികൾ തുടങ്ങിയവകളിൽ നിന്നും എന്ത് തുക വായ്പയായി സ്വീകരിച്ചു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം ലഭിച്ച വായ്പകൾ ഏതെല്ലാം മേഖലകൾക്ക് എന്ത് മാനദണ്ഡങ്ങൾ പ്രകാരം വിനിയോഗിക്കുന്നു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ് കാലാവധി എന്നു മുതലാണ് തുടങ്ങുന്നുത്; വിവിധ ഏജൻസികളിൽ നിന്നും എടുത്ത വായ്പയുടെ പലിശ എത്ര ശതമാനം, സബ്സിഡികൾ ലഭ്യമാണോ, തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ സ്വീകരിച്ചിട്ടുള്ള വായ്പകൾ യഥാവിധിയും കരാർ പ്രകാരവും ഉപയോഗിക്കുന്നുണ്ടോ എന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>എ. പി. എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി</u>

547 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എ. പി. എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വായ്പയ്ക്ക് പലിശ സബ്സിഡി നൽകുമെന്ന ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, ഇതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ധനകാര്യ ഇൻസ്പെക്ഷൻ ടീം നടത്തിയ അന്വേഷണങ്ങൾ</u>

548 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ധനകാര്യ ഇൻസ്പെക്ഷൻ ടീം എത്ര അന്വേഷണങ്ങൾ നടത്തുകയുണ്ടായി;

